# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്. എ.പി.കെ.ഡി 12/304/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 10/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്. എ.പി.കെ.ഡി 12/304/23 തീയ്യതി: 10/04/2023

## പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2021 മുതൽ 03-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 04-02-2023 | 10-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-02-2023 | 10-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യൂ.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ,

ശ്രീ. എസ്.എച്ച്. ഷറഫുദ്ദീന്,അസി.ഓഡിറ്റ് ഓഫീസർ,

ശ്രീ. എസ്.ഷെഹീർ, സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ. മോഹനൻ. കെ.എ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പി. ജയശ്രീ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സ്മിത.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പ്രവീൺ.സി. | അസി.എഞ്ചിനീയർ | 01-04-2021 | 20-07-2021 |
| ശ്രീമതി. അമ്പിളി.എൻ | അസി.എഞ്ചിനീയർ | 21-07-2021 | 30-11-2021 |
| ശ്രീ. അജേഷ്.വി.ആർ | അസി.എഞ്ചിനീയർ | 01-12-2021 | 31-03-2022 |
| ശ്രീ.ആഷിഫ്.പി. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. നസീമ.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 27-06-2021 |
| ശ്രീമതി. ജീത്തു. കെ.ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-06-2021 | 31-03-2022 |
| ഡോ.രേഷ്മ .കെ. വാസു. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗിരിജ സജീവ് | മെഡിക്കൽ ഓഫീസർ (അലോപ്പതി.) | 01-04-2021 | 31-03-2022 |
| ശ്രീ. പരമേശ്വരൻ ഇ.എസ്. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. പരമേശ്വരൻ. പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രസന്ന .ടി.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. വിന്നി മാത്യൂ. | കൃഷി ഓഫീസർ | 01-04-2021 | 16-10-2021 |
| ശ്രീമതി. ബിൻഷ ബാബുരാജ് .കെ. | കൃഷി ഓഫീസർ | 17-10-2021 | 31-03-2022 |
| ഡോ. അനിജ എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാല**ൻ**സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴി**ൽ** നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11 |
| 13 | റേഷ**ൻ** കടകളെ ലൈസ**ൻ**സിന്റെ പരിധിയി**ൽ** കൊണ്ടുവരേണ്ടതാണ് | 1-12 |
| 14 | ക്ഷീരസംഘത്തി**ൽ** പാലൊഴിക്കുന്ന കർഷകർക്ക് ഇ**ൻ**സെന്റീവ് - ഭാഗികമായ കാലയളവി**ൽ** മാത്രം ആനുകൂല്യം അനുവദിച്ചു. | 1-13 |
| 15 | ദുരിതാശ്വാസ നിധി - ചട്ട പ്രകാരം വിനിയോഗിക്കേണ്ടതാണ് | 1-14 |
| 16 | സമഗ്ര നെൽകൃഷി വികസനം - ഉഴവ് കൂലി - ആവശ്യമായ തുക വകയിരുത്തേണ്ടതാണ് | 1-15 |
| 17 | കെ.എം.എസ്.സി.എൽ. എന്ന സ്ഥാപനത്തിൻ നിന്നും നിന്നും മരുന്നുക**ൾ** പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-16 |
| 18 | വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി) - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-17 |
| 19 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-18 |
| 20 | തെരുവ് വിളക്ക് പരിപാലനം- മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ് | 1-19 |
| 21 | ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 1-20 |
| 22 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗിക്കാത്ത വികസന ഫണ്ട് തിരികെ ലഭ്യമായത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. | 1-21 |
| 23 | അങ്കണവാടികൾക്ക് പോഷകാഹാരം- വാങ്ങലുകളിലെ ബിൽ തുക നൽകുമ്പോൾ ജി.എസ്.ടി- ടി.ഡി.എസ് കുറവ് ചെയ്തില്ല | 1-22 |

| | | |
|---|---|---|
| 24 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-23 |
| 25 | പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചിട്ടില്ല. | 1-24 |
| 26 | പ്രവൃത്തിയോടൊപ്പം സ്ഥാപിച്ചിട്ടുള്ള നെയിംബോർഡ് യഥാർത്ഥ പ്രവൃത്തിയുടെ അല്ല | 1-25 |
| 27 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്. | 1-26 |
| 28 | ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമാകുന്ന തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്. | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനാവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

22.02.2021-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹3126977 |
| പ്രതീക്ഷിത വരവ് | ₹219708000 |
| ആകെ വരവ് | ₹222834977 |
| ചെലവ് | ₹222114000 |
| നീക്കിയിരിപ്പ് | ₹720977 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 31.05.2022 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1)ആസ്തി രജിസ്റ്റർ സാംഖ്യ്യയുമായി ബന്ധിപ്പിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സചിത്ര സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

2) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് (ജനറൽ) ന്റെ ചെലവ് 7464070 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 7404126 രൂപയാണ്.

3) MGNREGS ന്റെ കാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 19544 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരപ്പ് 14697 രൂപയാണ്. വ്യത്യാസം 4847 രൂപ.

മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.22/09.02.2023)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5007387 |
| വരവ് | ₹73592273 |
| ആകെ | ₹78599660 |
| ചെലവ് | ₹76372603 |
| നീക്കിയിരിപ്പ് | ₹2227057 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 7740768 | 7740768 | 7404126 | 336642 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 8072480 | 8072480 | 7684667 | 387813 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6431000 | 6431000 | 5433930 | 997070 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4853319 | 4853319 | 2883691 | 1969628 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Treasury | 0 | 585970 | 585970 | 194872 | 391098 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank | | 2475000 | 2475000 | 779951 | 1695049 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Treasury | 0 | 33407 | 33407 | 21391 | 12016 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank | 0 | 1681019 (1650000 +31019) | 1681019 | 1416031 | 264988 |
| ICDS കേന്ദ്രവിഹിതം | 741120 | 452976 | 1194096 | 478320 | 715776 |
| TSC | 1493875 | 0 | 1493875 | 1484145 | 9730 |
| MGNREGS | 14697 | 35935077 | 35949774 | 35948127 | 1647 |
| ലൈഫ്-സംസ്ഥാന വിഹിതം | | 640000 | 640000 | 640000 | 0 |

(*) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയുള്ള ചെലവ് തുകയായ 1208947 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 386520 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 144 | 69384629 | 119 | 60442791 | 0 | 25 | 82.64 |

അംഗീകാരം ലഭ്യമായ പ്രോജക്ടുകളിൽ 82.64% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 87.11% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 2948096 | 2463794 | 83.57 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2614200 | 2514199 | 96.17 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 6 | 6 | 1323929 | 1323929 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 3 | 3 | 1220000 | 1218439 | 99.87 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 17 | 36785720 | 35098613 | 95.41 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 2592566 | 2529666 | 97.57 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 350000 | 350000 | 100 |
| സെക്രട്ടറി | 32 | 25 | 5795199 | 4474422 | 77.21 |
| ഹെഡ് മാസ്റ്റർ | 3 | 3 | 614000 | 613981 | 99.99 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 37 | 13939979 | 8655008 | 62.09 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 1200940 | 1200740 | 99.98 |
| ആകെ | 144 | 119 | 69384629 | 60442791 | 87.11 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14697 | 842628 | 857325 | 855678 | 1647 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 35092449 | 35092449 | 35092449 | 0 |
| ആകെ | 14697 | 35935077 | 35949774 | 35948127 | 1647 |

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രാരംഭബാക്കി 19544 രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റേഷനറി ചാർജ് ഇനത്തിൽ മുൻവർഷത്തിൽ നൽകിയ 4847 രൂപയുടെ ചെക്ക് കണക്കിൽ ഉൾപ്പെടാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ടി അപാകത തൻവർഷത്തിൽ പരിഹരിച്ച് നീക്കിബാക്കി ക്രമീകരിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5524200 | 336 |
| വിധവാപെൻഷൻ | 11236600 | 717 |
| വാർദ്ധക്യകാലപെൻഷൻ | 17746900 | 1235 |
| വികലാംഗപെൻഷൻ | 3316000 | 210 |
| അവിവാഹിത പെൻഷൻ | 1618600 | 102 |
| തൊഴിൽ രഹിത വേതനം | 2040 | 1 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-02-2023 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4841/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2022-23 വരെ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം ഹെഡ്ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതുമാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2021-22 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

പ്രൊക്യൂർമെന്റ്കമ്മിറ്റിയുടെഅംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓരോ

ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2005-06 മുതൽ 2009-10 വരെയുള്ള എ.ജി.യുടെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് 28.05.2010 ന് ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതരമായ പരാമർശങ്ങളില്ല.
പെർഫോർമൻസ് ഓഡിറ്റിന്റെ 10/2022 വരെയുള്ള ഓഡിറ്റ് 13.10.2022 തീയതിയിൽ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് 15.11.2022 ന് ലഭ്യമായിട്ടുണ്ട്.

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

(A) താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഉഷാദേവി. വി. (ഫാർമസിസ്റ്റ്) സത്യസായി ഹോമിയോ ക്ളിനിക്ക് | രണ്ടാം അർദ്ധ വർഷം |
| 2 | ജിതിൻ കൃഷ്ണ, അക്ഷയ കേന്ദ്രം | രണ്ടാം അർദ്ധ വർഷം |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം ജീവനക്കാർ, മുന്നൂർക്കോട് | രണ്ടാം അർദ്ധ വർഷം |

(B) ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കി.

| ക്രമ നം. | സ്ഥാപനത്തിന്റെ/ ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (റിട്ടേൺ പ്രകാരം) | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് തുക |
|---|---|---|---|---|---|
| 1 | ശ്രീ പൂക്കോട് കാളികാവ് ദേവസ്വം, ശിവാനന്ദൻ. വി. (മാറ്റ് അടിയന്തിരം) | 86056 (ഒന്നാം അർദ്ധ വർഷം) | 600 | 750 | 150 |
| 2 | ശ്രീ പൂക്കോട് കാളികാവ് ദേവസ്വം, ശിവാനന്ദൻ. വി. (മാറ്റ് അടിയന്തിരം) | 79056 (രണ്ടാം അർദ്ധ വർഷം) | 600 | 750 | 150 |

(C) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് (AE യുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തയ്യാറാക്കിയത്) |
|---|---|

| | |
|---|---|
| 1 | കെ.ജി. മോഹൻകുമാർ |
| 2 | സുകുമാരൻ. വി. |
| 3 | വി. രാജൻ |
| 4 | കെ.ടി. ഗോവിന്ദൻകുട്ടി |
| 5 | കെ. അരവിന്ദൻ |
| 6 | മുഹമ്മദ് മുസ്തഫ |
| 7 | മുഹമ്മദ് ഷാഫി |
| 8 | രാമകൃഷ്ണൻ. കെ. |
| 9 | ബിന്ദു അബ്രഹാം |

തൊഴിൽ നികുതി ഈടാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/07-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ (A) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്നും, (B) കുറവായ തൊഴിൽ നികുതി ജീവനക്കാരനിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും, (C) ക്രമ നമ്പർ 1 ലെ ശ്രീ. മോഹൻകുമാർ 22-03-2022 ന് 121130103198 ാം നമ്പർ രശീതി പ്രകാരം 2500/- രൂപ അടവാക്കിയിട്ടുണ്ടെന്നും ക്രമ നമ്പർ 8 ലെ ശ്രീ. രാമകൃഷ്ണൻ. കെ. 22-03-2022 ന് 121130103198 ാം നമ്പർ രശീതി പ്രകാരം അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും മറ്റുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കേണ്ടതും, ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-12 റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ എണ്ണം, അവയ്ക്ക് ലൈസൻസ് എടുപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.

(ബി) 31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2021-22 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 3/07-02-2023 ന് ലഭ്യമാക്കിയ മറുപടിയിൽ (A) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 5 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും, അവക്ക് ലൈസൻസ് എടുക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും, (B) വരും വർഷങ്ങളിൽ ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം ഉൾപ്പെടെയുള്ള എല്ലാ കോളങ്ങളും രേഖപ്പെടുത്തിയ അപേക്ഷകൾ

മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

1-13 ക്ഷീരസംഘത്തിൽ പാലൊഴിക്കുന്ന കർഷകർക്ക് ഇൻസെന്റീവ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു.

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2021-22 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. ഗ്രാമ പഞ്ചായത്തിൽ മംഗലാംകുന്ന്, കാട്ടുകുളം, കല്ലുവഴി, മുന്നൂർക്കോട് എന്നീ 4 ക്ഷീര സംഘങ്ങളിലായി 243 ക്ഷീര കർഷകർ സംഘങ്ങളിൽ പാൽ നൽകി വരുന്നുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 76/21-22 ക്ഷീരസംഘത്തിൽ പാലൊഴിക്കുന്ന കർഷകർക്ക് ഇൻസെന്റീവ് |
| നിർവ്വഹണം | ഡയറി ഫാം ഇൻസ്പെക്ടർ |
| അടങ്കൽ | 3,00000 (പൊതു വിഭാഗം, സാധാരണ വിഹിതം), 50,000 (ജില്ലാ പഞ്ചായത്ത് വിഹിതം )<br>(ആകെ 3,00000 + 50,000 = 3,50,0000) |
| ചെലവ് | 3,50,000/- |

ചെലവ്

| ക്രമ നം. | ബിൽ നമ്പർ | തുക | തിയതി |
|---|---|---|---|
| 1 | 1/21-22 | 20598 | 31-12-2021 |
| 2 | 2/21-22 | 103005 | 31-12-2021 |
| 3 | 3/21-22 | 86574 | 31-12-2021 |
| 4 | 4/21-22 | 89823 | 31-12-2021 |
| 5 | 5/21-22 | 3886 | 31-01-2022 |
| 6 | 6/21-22 | 14958 | 31-01-2022 |
| 7 | 7/21-22 | 16660 | 31-01-2022 |
| 8 | 8/21-22 | 14496 | 31-01-2022 |
| | ആകെ | 3,50,000/- രൂപ | |

ക്ഷീര കർഷകർക്ക് 2021 ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ ലിറ്ററിന് 3/- രൂപയും, ആഗസ്റ്റ് മാസത്തിൽ ലിറ്ററിന് 0.138/- രൂപയുമാണ് സബ്സിഡി നൽകിയിട്ടുള്ളത്. മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതിക്കും, വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്കും തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ശരാശരി പാലിന്റെ അളവും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രോജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്.

1-14 ദുരിതാശ്വാസ നിധി - ചട്ട പ്രകാരം വിനിയോഗിക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ട പ്രകാരം

പഞ്ചായത്തിൽ കനിവ് എന്ന പേരിൽ ദുരിതാശ്വാസ നിധി കാനറാ ബാങ്കിൽ 17.01.2022 ന് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നം. 110032334949). ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 31.01.2022 ന് 8104 രൂപ നീക്കിയിരിപ്പുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതിനാൽ തുകകൾ ചെലവഴിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 20/09.02.2023).

ഓഡിറ്റ് നിർദ്ദേശം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീരിക്കുന്നതിനായി അർഹർക്ക് ചട്ടത്തിന് വിധേയമായി ധനസഹായം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 സമഗ്ര നെൽകൃഷി വികസനം - ഉഴവ് കൂലി - ആവശ്യമായ തുക വകയിരുത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 84, സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | 1797405 രൂപ (വികസന ഫണ്ട് - 1060000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 367500 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 325500 രൂപ, ഗുണഭോക്തൃ വിഹിതം - 44405 രൂപ) |
| ചെലവ് | 1797405 രൂപ (വികസന ഫണ്ട് - 1060000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 367500 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 325500 രൂപ, ഗുണഭോക്തൃ വിഹിതം - 44405 രൂപ) |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ 105 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന 12 പാടശേഖര സമിതിയിൽപ്പെട്ട 360ഓളം കർഷകർക്ക് നെൽ വിത്ത്, കൂലി ചെലവ് എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം.22/2018/ ത.സ്വ.ഭ.വ തീയതി 14.02.18 ലെ സബ്സിഡി മാർഗ്ഗ രേഖ ഖ. 6.1.7 നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചതു പ്രകാരം ഒരു ഹെക്ടറിന് ഒരു സീസണിൽ അനുവദിക്കാവുന്ന പരമാവധി ഉഴവ് കൂലി തുക 17000 രൂപയിൽ നിന്നും 22000 രൂപയായി നിശ്ചയിച്ചിട്ടുണ്ട് (സ.ഉ. (സാധാ) നം. 1009/2020/ത.സ്വ.ഭ.വ തീയതി 29.05.2020സുഭിക്ഷ കേരളം പദ്ധതി ഖണ്ഡിക 2.5). എന്നാൽ സമഗ്രനെൽകൃഷി വികസനം പദ്ധതിയിലൂടെ ഒരു ഹെക്ടറിന് 13605.67 രൂപ നിരക്കിൽ 105 ഹെക്ടർ കൃഷിക്ക് ആകെ 1428595 രൂപ മാത്രമാണ് കൂലി ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം ആവശ്യമായ തുക ഉഴവ് കൂലി ഇനത്തിൽ വകയിരുത്തിയിട്ടില്ല.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

3. നെൽ വിത്തിന്റെ ഗുണഭോക്തൃ വിഹിതമായ 44405 രൂപയുടെ ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/07.02.2023) വരും വർഷങ്ങളിൽ ആവശ്യമായ തുക വകയിരുത്തുന്നതാണെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) നെൽ കർഷകർക്ക് പരിഷ്കരിച്ച നിരക്കിലുള്ള ഉഴവ് കൂലി മുഴുവനായും ലഭ്യമാക്കുന്നതിനാവശ്യമായ തുക

വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

3) ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ പദ്ധതി പ്രകാരമുള്ള എല്ലാ ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 കെ.എം.എസ്.സി.എൽ. എന്ന സ്ഥാപനത്തിൽ നിന്നും നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് (അക്കൗണ്ട് നം. 3624001800000019) 163919 രൂപ നൽകിയിട്ടുണ്ട്. മരുന്നുകളുടെ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ 5869 (3732+352+1785) രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിക്കാൻ ബാക്കിയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്റ്റ് നം. 15, പെയിൻ & പാലിയേറ്റീവ് കെയർ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം./തീയതി | കെ.എം.എസ്.സി.എൽ നിന്ന് ലഭിച്ച മരുന്നുകളുടെ ആകെ തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|
| PRF927/ 26.06.2021 | 145897 | 03/21-22 /09.07.2021 | 142165 രൂപ | 3732 രൂപ |

ബി) പ്രോജക്റ്റ് നം. 31, പി എച്ച് സി സബ് സെന്ററിലേക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം./തീയതി | കെ.എം.എസ്.സി.എൽ നിന്ന് ലഭിച്ച ഉപകരണങ്ങളുടെ ആകെ തുക | ലഭിക്കാൻ ബാക്കിയുള്ള ഉപകരണങ്ങളുടെ തുക |
|---|---|---|---|---|
| PRF1261/ 20.07.2021 | 6512 | 06/21-22 /27.07.2021 | 6160 രൂപ | 352 രൂപ |

സി) പ്രോജക്റ്റ് നം. 117, പെയിൻ & പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ)

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ബിൽ നം./തീയതി | കെ.എം.എസ്.സി.എൽ നിന്ന് ലഭിച്ച മരുന്നുകളുടെ ആകെ തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|
| PRF2615/ 08.10.2021 | 11510 | 17/21-22 /16.10.2021 | 9725 രൂപ | 1785 രൂപ |

മേൽ പ്രോജക്റ്റുകൾ പ്രകാരം കെ.എം.എസ്.സി.എലിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/08.02.2023) മരുന്നുകൾ ലഭ്യമാക്കുവാനായി കെ.എം.എസ്.സി.എൽ ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

5869 (3732+352+1785) രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. നിന്നും ലഭ്യമാക്കി വിവരം ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അറിയിക്കേണ്ടതാണ്.

1-17 വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി) - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 24, വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി) |
| അടങ്കൽ | 555000/- രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 555000/- രൂപ |
| ബിൽ നം./തീയതി, തുക | 1) 37/21-22/31.01.2022, 60000/- രൂപ<br>2) 43/21-22/17.02.2022, 80000/- രൂപ<br>3) 48/21-22/26.02.2022, 120000/- രൂപ<br>4) 55/21-22/18.03.2022, 140000/- രൂപ<br>5) 2(2)/21-22/21.03.2022, 50000/- രൂപ<br>6) 3(2)/21-22/25.03.2022, 30000/- രൂപ<br>7) 7(2)/21-22/27.03.2022, 75000/- രൂപ |
| നിർവഹണം | വി ഇ ഓ |

മേൽ പദ്ധതി പ്രകാരം 12 എസ് സി ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കലിനായി ആകെ 555000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.7(6) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ കുറുമ്പ, പട്ടിശ്ശേരിത്തൊടി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം മാത്രമാണ് ഗുണഭോക്താവ്

സമർപ്പിച്ചിട്ടുള്ള റഫ് എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുള്ളത്. ബാക്കി ഗുണഭോക്താക്കളിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി സൂക്ഷിച്ചതായി കാണുന്നില്ല.

ബി) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.7(6) പ്രകാരം എസ് സി ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കലിനായി ഒരാൾക്ക് പരമാവധി 150000 രൂപ വകയിരുത്താവുന്നതാണ്. എന്നാൽ പദ്ധതി പ്രകാരം വകയിരുത്തിയിരിക്കുന്നത് 50000 രൂപ മാത്രമാണ്. ഇതുമൂലം അസി. എഞ്ചിനീയർ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മുഴവൻ തുകയും ഗുണഭോക്താക്കൾക്ക് നൽകാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കെട്ടിട നം. | വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | പദ്ധതി പ്രകാരം നൽകിയ തുക |
|---|---|---|---|---|
| 1 | കുറുമ്പ | 13/103 | 35000 | 30000 |
| 2 | ശിവരാമൻ | 12/126 | 65000 | 50000 |
| 3 | കുട്ടിമലയൻ | 7/156 | 75000 | 50000 |
| 4 | അമ്മിണി | 6/131 | 70000 | 50000 |
| 5 | കാളി | 5/165 | 75000 | 50000 |
| 6 | കാവേരി അയ്യപ്പൻ | 9/105 | 75000 | 50000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/09.02.2023) വരും വർഷങ്ങളിൽ ആവശ്യമായ തുക വകയിരുത്തുന്നതാണെന്നും ഗുണഭോക്താക്കളിൽ നിന്നും വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുഴവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും ആയത് പ്രകാരമുള്ള മുഴവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/09.02.2023) ലഭ്യമാക്കിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | പദ്ധതിയുടെ വിവരം (നം., പേര്) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ, S/o സുബ്രഹ്മണ്യൻ, കക്കേങ്ങാട്ടു കുണ്ടിൽ | 200000 | 200000 | 09.08.2021 | 23/22, ലൈഫ് - സമ്പൂർണ്ണ പാർപ്പിട പദ്ധതി - എസ് സി | പണി പൂർത്തീകരിക്കുവാനാവശ്യപ്പെട്ട്കൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഡിപ്പാർട്ട് മെന്റ് ലിസ്റ്റ് - ഭവന നിർമ്മാണം (പട്ടിക ജാതി) | |
| 2 | ശാന്ത, W/o ഉണ്ണികൃഷ്ണൻ, കാവിൽകുന്ന് | 360000 | 40000 | 27.03.2022 | ,, | മെയിൻ വാർപ്പ് കഴിഞ്ഞെങ്കിലും കക്കൂസ് നിർമ്മാണം മുതലായ പ്രവൃത്തികൾ ബാക്കി നിൽക്കുന്നു. |
| 3 | പ്രദീപ്, S/o ഇറ, പ്ലാച്ചികുണ്ട് | 380000 | 20000 | ,, | ,, | ,, |
| 4 | സവിത, W/o ഉണ്ണികൃഷ്ണൻ, ക്ലമ്പൻ പാറക്കൽ | 380000 | 20000 | ,, | ,, | ,, |
| 5 | ശാന്ത, W/o ഉണ്ണികൃഷ്ണൻ, അനരിതൊടി | 380000 | 20000 | ,, | ,, | ,, |

16.11.2013 ലെ സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം 30.03.2022 ന് മുൻപായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 5 ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതു്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-19 തെരുവ് വിളക്ക് പരിപാലനം- മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി ആകെ എത്ര

തെരുവ് വിളക്കുകൾ, ആയതിന്റെ തരം എന്നിവ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മീറ്ററിംഗ് സംവിധാനമില്ലാത്ത ശ്രീഷ്ണപുരം KSEB സെക്ഷനുകളുടെ കീഴിലുള്ള വിളക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | തെരുവ് വിളക്കുകളുടെ തരം | എണ്ണം | നിരക്ക് | ആകെ വൈദ്യുത ചാർജ് |
|---|---|---|---|---|
| 1 | Ordinary Bulb (100W) | 204 | 199 | 40596 |
| 2 | Fluorescent Tube(80W) | 3 | 159 | 477 |
| 3 | Sodium Vapour Lamp(250W) | 16 | 531 | 8496 |
| 4 | Ordinary Bulb (40W) | 29 | 79 | 2291 |
| 5 | CFL (18W) | 267 | 31 | 8277 |
| | ആകെ | 519 | | 60137 |

മേൽ പറഞ്ഞതു കൂടാതെ ഹൈമാസ്റ്റ് ബൾബുകൾക്ക് കൂടി വൈദ്യുതി ചാർജ് അടവാക്കുന്നുണ്ട്. തൻവർഷം വൈദ്യുതി ചാർജ്ജിനത്തിൽ ശരാശരി 71178 രൂപ പ്രതിമാസം ഒടുക്കിയിട്ടുണ്ട്. 2021-22 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ 854137 രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ ഓർഡിനറി ബൾബ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ ഇലക്ട്രിക് പോസ്റ്റുകളിൽ തെരുവ് വിളക്കായി ഉപയോഗിക്കുന്നില്ല. എന്നിരുന്നാലും കെ.എസ്.ഇ.ബി ഡിമാന്റ് നോട്ടീസ് പ്രകാരം ഇത്തരം ബൾബുകൾക്ക് ഇപ്പോഴും വൈദ്യുതി ചാർജ് ഈടാക്കുന്നുണ്ട്. തെരുവ് വിളക്ക് പരിപാലനത്തിനായി 2021-22ൽ 500 എണ്ണം എൽ ഇ ഡി ബൾബുകൾ വാങ്ങിച്ച് ഇലക്ട്രിക് പോസ്റ്റുകളിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ആയതനുസരിച്ചും കെ.എസ്.ഇ.ബി.യുടെ ഡിമാന്റിൽ മാറ്റം വരുത്തിയിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുള്ള അപാകതകളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവർത്തനക്ഷമായവയും, അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സി.എഫ്.എൽ ബൾബുകൾ മാറ്റി ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതായി കാണുന്നുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുടെ കണക്കിൽ നാളിതുവരെ സി.എഫ്.എൽ ബൾബുകൾക്ക് പകരം എൽ.ഇ.ഡി ബൾബുകൾക്ക് നിരക്ക് നിശ്ചയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല. തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുന്നതാണ്.
3. വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
4. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

6. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 15/09-02-2022) ത്തിന് മറുപടിയായി തെരുവ് വിളക്ക് പരിപാലനത്തിലുണ്ടായ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും പ്രതിമാസ യൂസർ ഫീ ആയി നിലവിൽ ഈടാക്കി വരുന്നുണ്ട്.

ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ഒക്ടോബർ 2, 2020 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 13 പേരാണുണ്ടായിരുന്നത്. ഓരോ വാർഡിനും ഒരു അംഗം എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നത് MRM Eco Solutions എന്ന സ്വകാര്യ സ്ഥാപനമാണ് കൊണ്ടുപോകുന്നത്. സേനാംഗങ്ങൾക്കുള്ള യൂണിഫോം, ഗ്ലൗസ്, ഗംബൂട്ട്സ്, ക്യാപ്പ്, സാനിറ്റൈസർ മുതലായവ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്നുണ്ട്.

സി. യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിലെ ഏകദേശം 5184 വീടുകളും, 266 വ്യാപാര സ്ഥാപനങ്ങളും ഉള്ളതിൽ 4000 വീടുകളും 140 വ്യാപാര സ്ഥാപനങ്ങളും മാത്രമാണ് ഹരിതകർമ്മസേനയ്ക്ക് പ്ലാസ്ററിക്ക് മാലിന്യം കൈമാറുന്നുള്ളൂ. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. യൂസർഫീ ലഭിക്കുന്നതിനാവശ്യമായ നോട്ടീസ് വിതരണം നടത്തിയിട്ടില്ല.

ഹരിത കർമസേനയ്ക്ക് പ്ലാസ്റ്റിക്ക് മാലിന്യം നല്കുന്നതിന് വൈമുഖ്യമുള്ളവരുടെയും, പ്രതിമാസ യൂസർഫീ നല്കാത്തവരുടെയും പേര് വിവരങ്ങൾ തയ്യാറാക്കി ഭരണസമിതിയ്ക്ക് നല്കിയതായി സേനാംഗങ്ങൾ

അറിയിച്ചു. പ്ളാസ്റ്റിക്ക് മാലിന്യസംസ്കരണ സംവിധാനം ഫലപ്രദമാക്കുന്നതിന് ജനപ്രതിനിധികളുടെ കൂടി ഇടപെടൽ സഹായകരമാവും.

ഡി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ് )

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന എം.സി.എഫ് പ്രവർത്തിക്കുന്നത് പട്ടിശ്ശേരി എന്ന സ്ഥലത്താണ്. വാർഡ് തലത്തിൽ പ്ളാസ്റ്റിക്ക് തരം തിരിച്ച് എം സി എഫ് /ആർ.ആർ.ഫ് ലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ വാർഡിലും എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഇ. റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ് )

RRF ൽ നിന്നും ബെയ്ലിംഗ് ചെയ്ത പ്ലാസ്ററിക്കുകൾ MRM Eco Solutions, Kozhikkode എന്ന സ്വകാര്യ സ്ഥാപനത്തിലേക്കാണ് നല്കുന്നത്.

എഫ്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. ആയതുപ്രകാരം IRTC മുണ്ടൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

ജി. ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക്കുകൾ RRF ൽ നിന്നും ഒരു തവണ മാത്രമാണ് നാളിതുവരെ കൊണ്ടുപോയത്. നിലവിൽ RRF ൽ നിന്നും ബെയ്ലിംഗ് ചെയ്ത പ്ലാസ്ററിക്കുകൾ MRM Eco Solutions, Kozhikkode എന്ന സ്വകാര്യ സ്ഥാപനത്തിലേക്കാണ് നല്കുന്നത്. 2021-22 ൽ 8605 Kg പ്ലാസ്ററിക്കുകൾ 9 രൂപ നിരക്കിൽ 77445 രൂപ MRM Eco Solutions ന് നൽകിയിട്ടുണ്ട്.

എച്ച്. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

19.02.2020 ന് ഹരിത കർമ്മസേനാ കൺസോർഷ്യം അക്കൗണ്ട് (Account No.1587108013541, Canra Bank, Kalluvazhi) ആരംഭിച്ചിട്ടുണ്ട്. 07.02.2023 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 16141 രൂപയാണ്.

ഐ. വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിത കർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫിൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കേണ്ടതാണ്.
- യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികമാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.21/09.02.2023)

## 1-21 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗിക്കാത്ത വികസന ഫണ്ട് തിരികെ ലഭ്യമായത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

വിവിധ വർഷങ്ങളിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത വികസന ഫണ്ട് തുകകളിൽ ചെലവഴിക്കാൻ ബാക്കി വന്ന തുക 213030 രൂപ 27.08.2020 തീയതിയിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായത് (രസീതി നം./തീയതി- 120020900035/27.08.2020) നാളിതുവരെയും സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. ഈ തുക 2021-22വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ (ഷെഡ്യൂൾ- ബി-9) ബാധ്യതയായി കാണിച്ചിട്ടുണ്ട്.

തുക സർക്കാരിലേക്ക് തിരികെ അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കാ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/09.02.2023)ക്ക് മറുപടിയായി തുക തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വികസന ഫണ്ട് തുക എത്രയും പെട്ടെന്ന് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-22 അങ്കണവാടികൾക്ക് പോഷകാഹാരം- വാങ്ങലുകളിലെ ബിൽ തുക നൽകുമ്പോൾ ജി.എസ്.ടി- ടി.ഡി.എസ് കുറവ് ചെയ്തില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 16 അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകാഹാരം വാങ്ങിയ വകയിൽ പവിത്രം കുടുംബശ്രീ യൂണിറ്റ്, കടമ്പഴിപ്പുറം എന്ന സ്ഥാപനത്തിന് അനുവദിച്ച തുകയിൽ നിന്നും ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല. ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം., ചെക്ക് നം., വൗച്ചർ നം./ തീയതി |
|---|---|---|---|---|
| 1 | 6/22, അങ്കണവാടി പൂരക പോഷകാഹാരം | 1116527 (വികസന ഫണ്ട് ജനറൽ- 716527 | 1116527 (വികസന ഫണ്ട് ജനറൽ- 716527 | ₹200105- 1/14.7.21, ₹284705- 2/14.7.21, ₹231717- |

| | | | | |
|---|---|---|---|---|
| | | കേന്ദ്രാവിഷ്കൃത ഫണ്ട്- 400000) | കേന്ദ്രാവിഷ്കൃത ഫണ്ട്- 400000) | 3/26.10.21, ₹11780, 454281/29.10.21, ₹282199, 22100953/27.3.22 |
| 2 | 8/22, അങ്കണവാടിപോഷകാഹാരം (എസ്.സി) | 150000 (വികസന ഫണ്ട് SCP-100000 കേന്ദ്രാവിഷ്കൃത ഫണ്ട്- 50000) | 150000 (വികസന ഫണ്ട് SCP-100000 കേന്ദ്രാവിഷ്കൃത ഫണ്ട്- 50000) | ₹100000-4/ 26.10.21, 50000- 22100953/ 27.3.22 |
| 3 | 154/22, അങ്കണവാടി പൂരക പോഷകാഹാരം അധിക വിഹിതം | 104239 (വികസന ഫണ്ട്- ജനറൽ) | 104239 (വികസന ഫണ്ട്- ജനറൽ) | ₹100000- 8/9.12.21 |

അമൃതം ന്യൂട്രീമിക്സിന് ചെലവഴിച്ച തുക ഉൾപ്പെട്ട ഇൻവോയിസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/ ബിൽ നമ്പർ/തീയതി &തുക | ഇൻവോയ്സ് നമ്പർ & തീയതി | അനുവദിച്ച തുക (₹) |
|---|---|---|
| വികസന ഫണ്ട്- ₹200105- 1/14.7.21 | 229/18.2.21 | 72210 |
| | 232/20.3.21 | 74160 |
| വികസന ഫണ്ട്- ₹284705- 2/14.7.21 | 236/23.4.21 | 71925 |
| | 238/10.5.21 | 73185 |
| | 241/14.6.21 | 73995 |
| വികസന ഫണ്ട്-₹231717- 3/26.10.21 | 244/14.7.21 | 75045 |
| കേന്ദ്രാവിഷ്കൃത ഫണ്ട്- ₹11780, 454281/29.10.21 | 250/13.9.21 | 72120 |
| കേന്ദ്രാവിഷ്കൃത ഫണ്ട്- ₹282199, 22100953/27.3.22 | 255/6.11.21 | 71070 |
| | 247/10.8.21 | 72315 |
| വികസന ഫണ്ട് SCP-₹100000-4/26.10.21 | 258/15.12.21 | 83005 |
| വികസന ഫണ്ട്-ജനറൽ- ₹100000- 8/9.12.21 | 253/13.10.21 | 70455 |
| | ആകെ | 809485 |

25.05.2018 ലെ സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ/ സേവനങ്ങളുടെയോ/ രണ്ടിന്റെയുമോ കരാറുകളിൽ, കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി-ടി.ഡി.എസ് എന്നിവ കുറവ് വരുത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് -പ്രകാരം ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകളിൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

2021-2022 വർഷത്തിൽ 809485/- രൂപയ്ക്ക് (ജി.എസ്.ടി ഒഴികെ) അമൃതം ന്യൂട്രീമിക്സ് വാങ്ങിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(10/08.02.2023)യ്ക്ക് മറുപടിയായി നിലവിൽ ജി.എസ്.ടി 2% ബില്ലിൽ നിന്നും ടി.ഡി.എസ് ചെയ്യുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

2.5 ലക്ഷം രൂപയിൽ അധികമായ വാങ്ങലുകൾ നടത്തുമ്പോൾ ബില്ലിൽ നിന്നും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തതിനു ശേഷം മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-23 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ തീയതി | ഡെപ്പോസിറ്റ് തുക (₹) | റിമാർക്സ് |
|---|---|---|---|---|
| കേരള ജല അതോറിറ്റി (എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, ഷൊർണ്ണൂർ) | 161/22, വിവിധ വാർഡുകളിൽ കുടിവെള്ളം എത്തിക്കാൻ വാട്ടർ അതോറിറ്റിക്ക് അധിക തുക നൽകൽ | 22100943/ 27.03.2022 | 120000 (CFC) | ഡെപ്പോസിറ്റ് ചെയ്യുമ്പോൾ ജല അതോറിറ്റി യുമായി കരാർ ചമച്ചിട്ടില്ല. കൂടാതെ പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| കെ.എസ്.ഇ.ബി | 94/22, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100938/ 27.03.2022- ₹43443, 22100936/ 27.03.2022- ₹49320, 22100937 ₹107228/ 27.03.2022 | 199991 (CFC) | പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. (₹43443- കോതകുറുശ്ശി ഇലക്ട്രിക്കൽ സെക്ഷൻ, ₹95099+ ₹12129- ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ, ₹49320- അമ്പലപ്പാറ ഇലക്ട്രിക്കൽ സെക്ഷൻ) |
| കെ.എസ്.ഇ.ബി | 179/22, മലയിൽ ആണ്ടൂർപള്ള കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ | 22100942/ 27.03.2022 | 49711 (CFC) | പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. (അമ്പലപ്പാറ ഇലക്ട്രിക്കൽ |

| | | | | |
|---|---|---|---|---|
| | തുക കെട്ടിവെക്കൽ | | | സെക്ഷൻ) |

മേൽ പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/08.02.2023)

1-24 പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചിട്ടില്ല.

പ്രോജക്ട് നം 168/22 പ്രകാരം റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രവൃത്തിക്ക് 9750 രൂ. ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 26/21-2-2023). ശ്രീ. സനൂജ് എന്ന വ്യക്തിക്കാണ് തുക നൽകിയിട്ടുള്ളത്. ടി പ്രവൃത്തിയുടെ എഗ്രിമെന്റ്, സ്റ്റോക്ക് വിവരങ്ങൾ, ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ, ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/ 8-2-2023) ലഭ്യമാക്കിയ മറുപടിയിൽ ആർ-ട്രാക്ക് നടത്തി റോഡുകളുടെ വിശദാംശങ്ങൾ ശേഖരിച്ചത് അംഗീകാരത്തിനായി അയച്ചിരിക്കയാണെന്നും എഗ്രിമെന്റ് ,ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 പ്രവൃത്തിയോടൊപ്പം സ്ഥാപിച്ചിട്ടുള്ള നെയിംബോർഡ് യഥാർത്ഥ പ്രവൃത്തിയുടെ അല്ല

താഴെ സൂചിപ്പിക്കുന്ന പ്രോജക്ടിൽ പ്രവൃത്തിയോടൊപ്പം സ്ഥാപിച്ചിട്ടുള്ള നെയിംബോർഡിൽ സൂചിപ്പിച്ചിട്ടുള്ള തുക യഥാർത്ഥ അടങ്കൽ അല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | 131/22, കൊറ്റിയോട് റോഡ് കോൺക്രീറ്റ് |
| അടങ്കൽ, ഫണ്ടിനം | 275000, (മെയിന്റനൻസ് ഗ്രാന്റ് (റോഡ്)) |
| ചെലവ് വിവരങ്ങൾ | 273350 , ബിൽ നം. 18/17-9-21, 273350 |
| കരാറുകാരൻ | കെ.ജി. സോമസുന്ദരൻ |
| എം.ബുക്ക് നം. | 16/2020 |

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ നെയിം ബോർഡിന് 2600രൂ. ചെലവഴിച്ചിട്ടുണ്ട്. എന്നാൽ റോഡിൽ സ്ഥാപിച്ചിട്ടുള്ള നെയിംബോർഡിൽ കൊറ്റിയോട് റോഡ് കോൺക്രീറ്റ്, അടങ്കൽ 725000രൂ. എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ റോഡിൽ നടത്തിയിട്ടുള്ള രണ്ടു പ്രവൃത്തിയുടെ അടങ്കൽ ഒരുമിച്ച് ചേർത്ത്നെയിംബോർഡ് സ്ഥാപിച്ച് ടി ഇനത്തിൽ രണ്ടു പ്രവൃത്തികളിലും തുക കൈപ്പറ്റിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/8-2-23)ലഭ്യമാക്കിയ മറുപടിയിൽ ടി റോഡിൽ നടത്തിയ രണ്ടു പ്രവൃത്തികളുടെ അടങ്കൽ ഒന്നിച്ച് ചേർത്തുള്ള തുക സൂചിപ്പിച്ചുകൊണ്ട് ബോർഡു സ്ഥാപിച്ചു എന്നും ആയതിലുള്ള അപാകത മുൻവർഷത്തെ ഓഡിറ്റ് എൻക്വയറിയിലൂടെ മനസിലായപ്പോൾ തന്നെ രസീതി നം. 121130101563/ 22-11-2021 പ്രകാരം 2600രൂ. തിരികെ അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ്

എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 134/22- മലയിൽ ആന്തുർപ്പള്ള ഭാഗം കുടിവെള്ള പദ്ധതി

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 753561 രൂ.<br>ബിൽ നം. 20/30-10-2021, 194872രൂ. ,<br>ബിൽ നം. 71/31-3-2021, 558689 രൂ. |
| കരാർ നം., അളവു പുസ്തകം: | 45/AE/LSGD/PKV/ 12-10-2020<br>MB No.5/20-21 |
| പി.എ.സി. | 699449 |
| കരാറുകാരൻ: | എം.എം. ജോൺ |
| സ്ഥലം കൈമാറിയ തീയ്യതി. | 12-10-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 12-7-2021 (9 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 12-8-2021 |
| ഈടാക്കേണ്ട പിഴ (1%) | 6994 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 6994 |

പ്രവൃത്തി പൂർത്തീകരണത്തിനായി 9മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.സപ്ലിമെന്റൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഭരണസമിതി തീരുമാനം എടുക്കുകയും ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 6994രൂ. ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കിയിട്ടുണ്ട് (രസീതി നം. 1220102394/10-2-2023) എന്ന് അസി. എഞ്ചിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്. രസീതിയുടെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

1-27 ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമാകുന്ന തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്.

അസി. എൻജിനിയർ ഇ-ടെണ്ടർനടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ

പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37249943563- SBI) മാർച്ച് 2022ൽ ബാലൻസുള്ള 38699രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/7-2-2023 ന് ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട് (UTR No.SBIN223039258256/ 8-2-2023). ആയതിന്റെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 04.02.2023 മുതൽ 10.02.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 520000 | 142/22, സമഗ്ര നെൽകൃഷി വികസനം (സ്പിൽ ഓവർ) | 520000 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 367500 | 84/22, സമഗ്ര നെൽകൃഷി വികസനം | 367500 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1425546 (737413 രൂപ മുന്നിരിപ്പ് ഉൾപ്പെടെ) | 23/22, ലൈഫ്-സമ്പൂർണ്ണ പാർപ്പിട പദ്ധതി- (പട്ടികജാതി) | 1425546 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | 5/22, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.സി) | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 313900 | 10/22, വൃദ്ധർക്ക് കട്ടിൽ (എസ്.സി) | 313900 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | 5/22, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ)- സ്പിൽ ഓവർ | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 325500 | 84/22, സമഗ്ര നെൽകൃഷി വികസനം | 325500 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 20094587 | 23/22, ലൈഫ്-സമ്പൂർണ്ണ പാർപ്പിട പദ്ധതി- എസ് ഡിപ്പാർട്ട്മെന്റ് ലിസ്റ്റ്- ഭവന നിർമ്മാണം (പട്ടികജാതി) | 20094587 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 50000 | 76/22, ക്ഷീര സംഘത്തിൽ പാലൊഴിക്കുന്ന കർഷകർക്ക് ഇൻസെന്റീവ് | 50000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| കേരള ജല അതോറിറ്റി | 161/22, വിവിധ വാർഡുകളിൽ കുടിവെള്ളം എത്തിക്കാൻ വാട്ടർ അതോറിറ്റിക്ക് അധിക തുക നൽകൽ | 22100943 /27.3.22 | 120000 (CFC) | വിനിയോഗ വിവരം ലഭ്യമായില്ല. |
| കെ.എസ്. ഇ.ബി | 94/22, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100936/ 27.3.22- 49320, 22100937/ 27.3.22- 107,228 22100938/ 27.3.22- 43,443 | 199991 (CFC) | വിനിയോഗ വിവരം ലഭ്യമായില്ല. |
| കെ.എസ്. ഇ.ബി | 179/22, മലയിൽ ആണ്ടുർപള്ള കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ തുക കെട്ടിവെക്കൽ | 22100942 /27.3.22 | 49711 (CFC) | വിനിയോഗ വിവരം ലഭ്യമായില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻവർഷങ്ങളിലെടുത്ത ലോണിൽ 4910667 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവില്ല | 4910667 | 894667 | - | 4016000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 82192 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം./ തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 1 | 2018-19 | 1-17 | 2800 | 121130100957/ 13-9-21 | ഹൈറുന്നീസ.കെ ICDS Supervisor |
| 2 | 2018-19 | 1-24 | 4185 | 121130101139/ 28-9-21 | വി.രാജൻ Contractor For AE |
| 3 | 2018-19 | 1-24 (2) (3) | 2000 | 121130101140/ 28-9-21 | കെ.ജി. മോഹൻകുമാർ |
| 4 | 2018-19 | 1-24 (4) | 801 | 121130101141/ 28-9-21 | സോമസുന്ദരൻ. കെ.ജി |
| 5 | 2018-19 | 1-24(5) | 1739 | 121130101142/ 28-9-21 | വി.ശ്രീകുമാരൻ |
| 6 | 2017-18 | 2-1(5) 2500+1250 2500+950 | 7200 | 121130101551/ 22-11-21 | രാജൻ വില്ലംകണ്ടത്തിൽ |
| 7 | 2017-18 | 2-1(5) | 6776 | 121130101561/ 22-11-21 | അരവിന്ദൻ Contractor |
| 8 | 2019-20 | ലഭ്യമായില്ല | 11144 | 121130101572/ 23.11.21 | രവീന്ദ്രൻ |
| 9 | 2013-14 | 3.4 | 2592 | 12113010624/ 30-11-21 | ശങ്കരൻ.കെ.വി H.M |
| 10 | 2018-19 | 1.29 | 1000 | 121020900073/ 18-11-21 | Quality Management |
| 11 | 2017-18 | 2-1(2) | 8750 | 121130101693/ 14-12-21 | സെക്രട്ടറി, ക്ഷീരോൽപാദന സഹകരണ സംഘം, കല്ലുവഴി |
| 12 | 2017-18 | 2-1(2) | 250 | 12113010999/ 12-1-22 | AUPS Punchappadam |
| 13 | 2006-07 | 3-4 | 3931 | 121130102044/ 15-1-22 | രാജഗോപാലൻ പുതുക്കുഴി For Agriculture Officer |

| | | | | | |
|---|---|---|---|---|---|
| 14 | 2019-20 | 2.1 | 250 | 121130102550/ 25-2-22 | സുനിത Office Attendant, GHSS Munnorkkod |
| 15 | 2019-20 2019-20 2019-20 | 1-12 | 4800 (19-20) 1st Half 4800 (19-20) 2nd Half 4800 (2021) 1st Half | 121130102868/ 10-3-22 121130102869/ 121130102870/ | സുകുമാരൻ Cherumala Quarry Prof. Tax |
| 15 | 2020-21 | 1-14(3) | 250 | 121130102882/ 11-3-22 | Sunitha Office Attendant, GHSS Munnorkkod |
| 16 | 2020-21 | 1-14(3) | 250 | 121130102883/ 11-3-22 | സൗമ്യ.സി Office Attendant |
| 17 | 2019-20 | 1-12(3) | 150 | 121130102921/ 11-3-22 | കെ.രതി, Clerk, Pariyanampatta Temple |
| 18 | 2020-21 | 1-14(1) | 4800 | 121130102996/ 15-3-22 | സുകുമാരൻ Cheumala Quarry Prof. Tax |
| 19 | 2020-21 | 1-21 | 3000 | 121130103073/ 17-3-22 | ശ്രീകുമാരൻ Contractor |
| 20 | 2018-19 | 1(14) | 1250 | 121130103119/ 18-3-22 | മെഡിക്കൽ ഓഫീസർ, FHC |
| 21 | 2019-20 | 1-12(3) | 500 | 121140100120/ 18-3-22 | മെഡിക്കൽ ഓഫീസർ, FHC |
| 22 | 2019-20 | 1-12(1) | 720 | 121140100129/ 26-3-22 | ശങ്കരനാരായണൻ, Sanz Traders |
| 23 | 2019-20 | 1-12(1) | 720 | 121140100130/ 26-3-22 | ശങ്കരനാരായണൻ, Sanz Traders |
| 24 | 2020-21 | 1-14(1) | 720 | 121140100131 26-3-22 | ശങ്കരനാരായണൻ, Sanz Traders |
| 25 | 2020-21 | 1-14(1) | 814 | 121140100132/ 26-3-22 | ശങ്കരനാരായണൻ, Sanz Traders |
| 26 | 2020-21 | 1-14(1) | 600 600 | 121140100210/ 30.3.22 121140100211/ 30.3.22 | വേദ അപ്പാരൽസ്, ടൈലറിംഗ് യൂണിറ്റ് |
| | | ആകെ | 82192 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | ₹5007387 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹73592273 |
| ആകെ | ₹78599660 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹76372603 |
| നീക്കിയിരിപ്പ് | ₹2227057 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക - ഇല്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം - ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- - ഇല്ല.

4-11 തീർപ്പാക്കാനാവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ കാര്യാലയത്തിൽ നിന്നും അവസാനം നൽകിയ കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ. എസ്. എ പി.കെ. ഡി 12/643/22 തീയതി 03.09.2022 ഓഡിറ്റ് അദാലത്ത് 3/22 | 6 |
| 1998-99 | | 1 |
| 1999-00 | | 1 |
| 2001-02 | | 3 |
| 2002-03 | | 4 |
| 2003-04 | | 7 |
| 2004-05 | | 9 |
| 2005-06 | | 6 |
| 2007-08 | | 2 |
| 2008-09 | | 10 |
| 2009-10& 2010-11 | | 8 |
| 2011-12 | | 9 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി12/2179/14/22 തീയതി 26.10.22 | 4 |
| 2013-14& 14-15 | കെ.എസ്.എ.പി.കെ.ഡി12/233/16/22 തീയതി 26.10.22 | 9 |
| 2015-16 | കെ.എസ്. എ.പി.കെ.ഡി 12/1882/16 തീയതി 06.06.2018, ഫർദർ റിമാർക്സ് | 12 |
| 2016-17 | കെ.എസ്. എ.പി.കെ.ഡി 12/1800/2017 തീയതി 12.03.2018, ഫർദർ റിമാർക്സ് | 9 |
| 2017-18 | കെ.എസ്. എ.പി.കെ.ഡി 12/803/2019 തീയതി 06.01.2020, ഫർദർ റിമാർക്സ് | 20 |
| 2018-19 | കെ.എസ്. എ.പി.കെ.ഡി 12/371/2020 തീയതി 04.09.2020, ഫർദർ റിമാർക്സ് | 18 |
| 2019-20 | കെ.എസ്. എ.പി.കെ.ഡി 12/1638/2021 തീയതി 29.01.2022, ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |
| 2020-21 | കെ.എസ്. എ.പി.കെ.ഡി 12/1639/2021 തീയതി 16.02.2022, ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | Pookkottukavu Grama Panchayat<br>BALANCE SHEET | | |
|---|---|---|---|
| | As on 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13999451.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 15408.00 |
| 312000000 | Reserves | B-3 | 42511509.00 |
| | Total Reserve & Surplus | | 56526368.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3348785.00 |
| | Total Grants, Contributions for Specific Purposes | | 3348785.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4016000.00 |
| | Total Loans | | 4016000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 196245.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 981160.00 |
| | Total Current Liabilities and Provisions | | 1177405.00 |
| | TOTAL LIABILITIES | | 65068558.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 74355528.00 |
| 411000000 | Accumulated Depreciation | B-11 | -17734215.00 |
| 412000000 | Capital Work in Progress | B-11(a) | 579642.00 |

| | For the period from 01-April-2021 to 31-March-2022 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2396822.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 17500.00 |
| 140000000 | Fee & User Charges | I-4(b) | 191526.00 |
| 150000000 | Sale & Hire Charges | I-5(b) | 109962.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 142016493.00 |
| 171000000 | Interest Earned | I-8 | 66708.00 |
| 180000000 | Other Income | I-9 | 83062.00 |
| | Total Income | | 144882073.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11104125.00 |
| 220000000 | Administrative Expenses | I-11(b) | 496657.00 |
| 230000000 | Operations & Maintenance | I-12(b) | 1324901.00 |
| 240000000 | Interest & Finance Charges | I-13 | 4268.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5868421.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 77625526.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 776481.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1042610.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 39645176.00 |
| 255000000 | Maintenance Projects | I-14(e) | 7799557.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24278.00 |
| 272000000 | Depreciation | I-17(a) | 4536848.00 |
| | Total Expenditure | | 150248848.00 |
| | Gross Surplus / Deficit of income over Expenditure | | -5366775.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -109633.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5257142.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| | | | |
|---|---|---|---|
| | Pookkottukavu Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 4987092.50 |
| Cash | Cash | RP-40(a) | 20295.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 628260.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7000.00 |
| 140000000 | Fees & User Charges | RP-4 | 140826.00 |
| 150000000 | Sale & Hire Charges | RP-5 | 109962.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53012140.00 |
| 171000000 | Interest Earned | RP-9 | 66708.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15188228.00 |
| 350000000 | Other Liabilities | RP-36 | 277303.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 83062.00 |
| 311000000 | Earmarked Funds | RP-29 | 7500.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 72000.00 |
| 350000000 | Other Liabilities | RP-36 | 201493.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2973152.00 |
| 460000000 | Loans, Advances and Deposits | RP-47 | 824639.00 |
| | Grand total | | 78599660.50 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2408282.00 |
| 220000000 | Administrative Expenses | RP-12 | 496657.00 |
| 230000000 | Operations & Maintenance | RP-13 | 1324901.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4913699.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 39373116.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 446756.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 924010.00 |
| 254000000 | Expenditures of Transferred institutions and State Sponsored<br>Schemes | RP-19 | 202876.00 |
| 255000000 | Maintenance Projects | RP-20 | 7799557.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24278.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -1250.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 583354.00 |
| 350000000 | Other Liabilities | RP-36 | 10191657.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4268.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -6250.00 |
| 311000000 | Earmarked Funds | RP-29 | 100.00 |
| 340000000 | Deposits Received | RP-34 | 10000.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 3601001.00 |
| 410000000 | Fixed Assets | RP-38 | 1822565.00 |
| 412000000 | Capital work in Progress | RP-40 | 34789.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 250.00 |
| 460000000 | Loans, Advances and Deposits | RP-47 | 2217987.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2227057.50 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 78599660.50 |

ഡെപ്യൂട്ടി ഡയറക്ടർ